പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 837 05.02.2020-ലെ മറുപടിയ്ക്ക്

## വനഭൂമി സംബന്ധിച്ച കേസുകൾക്ക് പ്രഗത്ഭരായ അഭിഭാഷകർ

<table>
<tr><th colspan="2">ചോദ്യം<br><br>ശ്രീ.അനിൽ അക്കര</th><th colspan="2">മറുപടി<br>അഡ്വ.കെ.രാജു<br>(ബഹു. വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി)</th></tr>
<tr><td>(എ)</td><td>ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കോടതി വിധികളിലൂടെ എസ്റ്റേറ്റ് ഉടമസ്ഥർക്കോ സ്വകാര്യ വ്യക്തികൾക്കോ വനഭൂമി വിട്ടു കൊടുക്കേണ്ട സാഹചര്യമുണ്ടായിട്ടുണ്ടോ;</td><td>(എ)</td><td>ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇക്കോളജിക്കൽ ഫ്രെജൈൽ ലാന്റ് ആയി (ഇ.എഫ്.എൽ) വിജ്ഞാപനം ചെയ്തിരുന്ന 49.11177 ഹെക്ടർ ഭൂമി കോടതി വിധി പ്രകാരം വിട്ടുകൊടുക്കേണ്ടതായി വന്നിട്ടുണ്ട്.</td></tr>
<tr><td>(ബി)</td><td>ഉണ്ടെങ്കിൽ ഏതൊക്കെ ഡിവിഷനുകളിൽ എത്ര ഹെക്ടർ വനഭൂമിയാണ് വിട്ടുകൊടുത്തത് എന്നതിനെ സംബന്ധിച്ച കണക്ക് ലഭ്യമാണോ; എങ്കിൽ വെളിപ്പെടുത്താമോ;</td><td>(ബി)</td><td>ഇപ്രകാരം വിട്ടുകൊടുത്ത ഇ.എഫ്.എൽ ആയി വിജ്ഞാപനം ചെയ്തിരുന്ന വനഭൂമിയുടെ വിശദാംശം ചുവടെ നൽകുന്നു.
<table>
<tr><th>ക്രമ നം.</th><th>ഡിവിഷൻ</th><th>വിസ്തീർണ്ണം (ഹെക്ടർ)</th></tr>
<tr><td>1</td><td>നിലമ്പൂർ നോർത്ത്</td><td>0.10117</td></tr>
<tr><td>2</td><td>പാലക്കാട്</td><td>19.9375</td></tr>
<tr><td>3</td><td>നെന്മാറ</td><td>28.4946</td></tr>
<tr><td>4</td><td>പീച്ചി വൈൽഡ് ലൈഫ് ഡിവിഷൻ</td><td>0.5785</td></tr>
<tr><td></td><td>ആകെ</td><td>49.11177</td></tr>
</table></td></tr>
<tr><td>(സി)</td><td>വനഭൂമി സംബന്ധിച്ച കേസുകൾ കൈകാര്യം ചെയ്യുന്നതിന് പ്രഗത്ഭരായ അഭിഭാഷകരെ നിയോഗിക്കാത്തത് ഇത്തരം കേസുകളിൽ വകുപ്പിന് പരാജയം ഉണ്ടാകുന്നതിനുള്ള കാരണമായിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ടോ;</td><td>(സി)</td><td>കണ്ടെത്തിയിട്ടില്ല. അഡ്വക്കേറ്റ് ജനറൽ, അഡീഷണൽ അഡ്വക്കേറ്റ് ജനറൽ, സ്പെഷ്യൽ ഗവൺമെന്റ് പ്ലീഡർമാർ ഉൾപ്പെടെയുള്ള പ്രഗത്ഭരായ അഭിഭാഷകരാണ് വനം കേസുകൾ കൈകാര്യം ചെയ്യുന്നത്.</td></tr>
<tr><td>(ഡി)</td><td>എങ്കിൽ പ്രഗത്ഭരായ അഭിഭാഷകരുടെ സേവനം ഇക്കാര്യത്തിൽ തേടുന്നതിനും കീഴ് കോടതി വിധികൾക്കെതിരെ സമയബന്ധിതമായി അപ്പീൽ സമർപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?</td><td>(ഡി)</td><td>ഉത്തരം (സി) യുടെ വെളിച്ചത്തിൽ ബാധകമല്ല.</td></tr>
</table>

സെക്ഷൻ ഓഫീസർ